LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് പഞ്ചവൽസര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കുംവേണ്ടിയുള്ള വികസന പദ്ധതികൾ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങളെയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, പാരമ്പര്യ തൊഴിലുകളിലേർ പ്പെട്ടിരിക്കുന്നവർ) പ്രത്യേകം പരിഗണിച്ചുകൊണ്ട് സുസ്ഥിരമായ, ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുവികസനം, തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ കാര്യക്ഷമതയും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാടുംകൂടി അനുസരിച്ചായിരിക്കുമെന്നതും പഞ്ചവൽസര പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങളിലൊന്നാണ്.

(സി) മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതിനുതകുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ ആഴ്ചകളിലും നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ളപക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുവരുന്നു. കൂടാതെ, മേഖലാ തലത്തിൽ നടക്കുന്ന വകുപ്പുമന്ത്രിയുടെ പദ്ധതി അവലോകന യോഗത്തിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകിവരികയും ചെയ്യുന്നു.

**തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം**

261 (1639) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 1950-ലെ ജനപ്രാതിനിധ്യ ആക്ട്പ്രകാരം (1950-ലെ 43-ാം കേന്ദ്ര ആക്ട്) 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലെ വോട്ടർപട്ടികയിൽ രജിസ്റ്റർ ചെയ്യാൻ അവകാശം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ടുവന്ന് വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് 2015-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരുന്നു.

(ബി) ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഏതൊരു ഭാരതപൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിലെ നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ കഴിയും.

(സി) 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 എ വകുപ്പും കേരള മുനിസിപാലിറ്റി ആക്ടിൽ 77 എ വകുപ്പും കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിട്ടുണ്ട്. ആക്ടിലെ ഭേദഗതിക്കനുസൃതമായി മേൽ വിഷയം സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ ചേർത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് ഇപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ വോട്ടർപട്ടിക തയ്യാറാക്കുകയും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly